# Athmaraksha.org

നൊവേന

## വി. അന്തോനീസിനോടുള്ള നൊവേന-St Antony



### പ്രാരംഭ ഗാനം

(അദ്ധ്വാനിക്കുന്നവർക്കും...... എ. മ.)

പാദുവാപ്പതിയെ, ദൈവ
സനേഹത്തിൻ കേദാരമെ
നേർവഴി കാട്ടേണമെ
പരിശുദ്ധ അന്തോനീസെ.....
അമലോത്ഭ കന്യതന്റെ
മാനസപുത്രനായ
പരശുദ്ധ അന്തോനീസെ...
ഞങ്ങൾക്കായ് പ്രാർത്ഥിക്കണെ (പാദുവാ
പൈതലാം യേശുവിനെ
തൃകൈയിൽ ഏന്തിയോനെ

തൃപ്പാത പിൻതുടരാൻ
ത്രാണിയുണ്ടാകണമെ (പാദുവാ...)
ക്രൂശിന്റെ അടയാളത്താൽ
ദുഷ്ടത നീക്കിയോനെ
ആലംബഹീനർക്കെന്നും
മദ്ധ്യസ്ഥനാകേണമെ (പാദുവാ...)

### പ്രാരംഭ പ്രാർത്ഥന

അത്ഭുത പ്രവർത്തകനായ വിശുദ്ധ അന്തോനീസിനെ ഞങ്ങൾക്കെന്നും സഹായമരുളുന്ന മദ്ധ്യസ്ഥനായി നൽകിയ ദൈവമെ. ഞങ്ങളങ്ങയെ സ്തുതിക്കുന്നു. അങ്ങ് ഞങ്ങൾക്ക് നൽകിയിട്ടുള്ള എല്ലാം അനുഗ്രഹങ്ങൾക്കും ഞങ്ങൾ പൂർണ്ണ ഹൃദയത്തോടെ നന്ദി പറയുന്നു. ഞങ്ങളുടെ ജീവിതത്തിൽ വന്നു പോയിട്ടുള്ള പാപങ്ങളെയോർത്തു കണ്ണീരോടെ പശ്ചാത്തപിച്ച

മാപ്പ ചോദിക്കുന്നു. ഞങ്ങളുടെ അനുദിന ജീവിതത്തെ അങ്ങ് ആശീർവദിച്ച് അനുഗ്രഹിക്കണമെ. ആത്മീകവും ശാരീരികവുമായ എല്ലാ ആപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ. അങ്ങേ പൈതൃകമായ പരിപാലനയിൽ, എന്നും ജീവിക്കുന്നതിനുള്ള കൃപ ഞങ്ങൾക്ക് നൽകണമെ. വിശ്വസ്തതയോടെ അങ്ങേയ്ക്ക് ശുശ്രൂഷ ചെയ്തുകൊണ്ട് വിശുദ്ധിയിലും വിവേകത്തിലും വളർന്ന് അങ്ങയുടേയും മനുഷ്യരുടേയും മുമ്പിൽ, കുറ്റമറ്റവരായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. കാരുണ്യവാനായ ദൈവമെ, വിശുദ്ധ അന്തോനീസു വഴിയായി, ഞങ്ങൾ അർപ്പിക്കുന്ന ഈ പ്രാർത്ഥന, അങ്ങ് കരുണാപൂർവ്വം സ്വീകരിച്ച്, ഞങ്ങളെ അനുഗ്രഹിക്കണമെ. 1 സ്വർഗ്ഗ, 1 നന്മ, 1 ത്രി.

### മദ്ധ്യസ്ഥ പ്രാർത്ഥന

അത്ഭുതപ്രവർത്തകനായ വിശുദ്ധ അന്തോനീസെ, അങ്ങേ മദ്ധ്യസ്ഥം തേടുന്നവർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണെന്ന് ഞങ്ങൾ അറിയുന്നു. ഈശോയുടെ സന്നിധിയിലുള്ള അങ്ങയുടെ മദ്ധ്യസ്ഥ ശക്തിയിൽ ദൃഢമായി ശരണപ്പെട്ടുകൊണ്ട് ഞങ്ങൾ അങ്ങേ മുമ്പിൽ നില്ക്കുന്നു. ദിവ്യനാഥനോടുള്ള അഗാധമായ സ്നേഹവും സഹോദരങ്ങളോടുള്ള കാരുണ്യവും മൂലം ഏതൊരത്ഭുതവും പ്രവർത്തിക്കുന്നതിനുള്ള അമൂല്യമായ വരം ലഭിച്ചിരിക്കുന്ന വിശുദ്ധ അന്തോനീസേ, ആവശ്യനേരങ്ങളിൽ ഞങ്ങളുടെ സഹായത്തിനെത്തണമെ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും പ്രത്യേകമായി ഇപ്പോൾ ഞങ്ങൾക്ക് ആവശ്യമായ അനുഗ്രഹം... (ഇവിടെ ആവശ്യംപറയുക) സാധിച്ചു കിട്ടുന്നതിന് പരമപിതാവിന്റെ സന്നിധിയിൽ അങ്ങ് മദ്ധ്യസ്ഥം വഹിക്കണമെന്ന് തകർന്ന ഹൃദയത്തോടെ അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. 1 സ്വർഗ്ഗ, 1 നന്മ, 1 ത്രി.

### സമൂഹപ്രാർത്ഥന

പരമകാരുണ്യവാനായ ദൈവമെ, അങ്ങേ വിശ്വസ്ത ശുശ്രൂഷകനായ വിശുദ്ധ അന്തോനീസിന്റെ മാദ്ധ്യസ്ഥം യാചിക്കുന്ന അങ്ങേ മക്കളായ ഞങ്ങൾക്ക് അദ്ദേഹത്തിന്റെ അപേക്ഷമൂലം ഞങ്ങളുടെ ആവശ്യങ്ങളിൽ അങ്ങേ സഹായം ലഭിക്കുന്നതിനുള്ള കൃപ നൽകണമെ. ഞങ്ങൾ അങ്ങുമായി ഐക്യപ്പെട്ട് വിശുദ്ധജീവിതം നയിച്ച് മററുള്ളവരിലേക്കും വിശുദ്ധി പ്രസരിപ്പിക്കുവാനും നിത്യ സൗഭാഗ്യം അനുഭവിക്കാനും ഞങ്ങൾക്കിടയാക്കണമേ. ആമ്മേൻ.

### ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായെ അനുഗ്രഹിക്കണമേ
കർത്താവെ അനുഗ്രഹിക്കണമേ
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
പരിശുദ്ധാത്മാവായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ
ഞങ്ങളെ അനുഗ്രഹിക്കണമേ

### "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന് ഏറ്റു ചൊല്ലുക

പരിശുദ്ധ മറിയമേ
ഞങ്ങളുടെ പിതാവായ വി. അന്തോനീസേ
ദൈവജനനിയുടെ ഭക്തനായ വി. അന്തോനീസേ
അപേക്ഷിക്കുന്നവർക്ക് എന്നും സഹായമരുളുന്ന വി. അന്തോനീസേ

സങ്കടപ്പെടുന്നവർക്ക് ആശ്വാസമായ വി. അന്തോനീസേ
അനേകം അത്ഭുതങ്ങളാൽ ഈശോയുടെ സുവിശേഷം പ്രസംഗിച്ച വി. അന്തോനീസേ
ദാരിദ്ര്യത്തെ സന്തോഷത്തോടുകൂടി സ്വീകരിച്ച വി. അന്തോനീസേ
ക്ലേശിതരും ദുഃഖിതരുമായ അനേകരെ ആശ്വസിപ്പിക്കുന്ന വി. അന്തോനീസേ
ആത്മാക്കളെ രക്ഷിക്കണമെന്നുള്ള ആശയാൽ അപ്പസ്തോലനായ വി. അന്തോനീസേ
ഭക്തിനിറഞ്ഞ വചനങ്ങളാൽ അനേകം പേരുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം നിറച്ച വി. അന്തോനീസേ
അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള ദൈവീകവരം ലഭിച്ച വി. അന്തോനീസേ
കാണാതെ പോയ വസ്തുക്കളെ തിരികെ നൽകാനുള്ള പ്രത്യേക വരം ലഭിച്ച വി. അന്തോനീസേ
ആത്മീയവും ശാരീരികവുമായ രോഗങ്ങളാൽ വലയുന്നവരെ സുഖപ്പെടുത്തുന്ന വി. അന്തോനീസേ
വിശുദ്ധ കുരിശിന്റെ അടയാളത്താൽ പിശാചുക്കളെ അകററിയവനായ വി. അന്തോനീസേ
ലോകത്തിന്റ് പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോ തമ്പുരാനേ
കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കേണമേ
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോ തമ്പുരാനേ
കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോ തമ്പുരാനേ.
കർത്താവേ ഞങ്ങളെ അനുഗ്രഹിക്കേണമേ
ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ
പാദുപ്പതിയായിരിക്കുന്ന വിശുദ്ധ അന്തോനീസേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ.

പ്രാർത്ഥിക്കാം
പിതാവായ ദൈവമേ, അങ്ങേ വിശ്വസ്ത ദാസനായ വിശുദ്ധ അന്തോനീസിന് വണക്കം ചെയ്യുന്ന അങ്ങേ മക്കളായ ഞങ്ങളെല്ലാവരേയും അനുഗ്രഹിക്കേണമേ എന്ന് ആ വിശുദ്ധന്റെ മദ്ധ്യസ്ഥം വഴിയായി ഞങ്ങളപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ ഞങ്ങൾക്ക് പ്രധാനം ചെയ്യണമെന്ന്, നിത്യമായി ജീവിച്ച് വാഴുന്ന അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

സമാപനപ്രാർത്ഥന
അത്ഭുതപ്രവർത്തകനായ വിശുദ്ധ അന്തോനീസേ ഞങ്ങൾ അങ്ങയുടെ തിരുസ്വരൂപത്തിൻ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്ത്, ഞങ്ങളുടെ നിസ്സഹയാവസ്ഥയിൽ അങ്ങയുടെ സഹായം തേടുന്നു. അസ്വസ്ഥമായിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങ് ദയാപൂർവ്വം തൃക്കൺപാർക്കണമെ. എല്ലാ ക്ലേശങ്ങളും നൈരാശ്യങ്ങളും പരീക്ഷകളും ഞങ്ങളിൽ നിന്നും അകററിക്കളയണമെ. ആവശ്യനേരങ്ങളിൽ അങ്ങയോട് അപേക്ഷിക്കുന്നവരെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതിന് അങ്ങ് ഒരിക്കലും വീഴ്ച വരുത്തിയിട്ടില്ല എന്ന് ഓർക്കേണമെ. സജീവമായ വിശ്വാസത്തോടെ ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ അങ്ങേ സങ്കേതത്തിൽ ഞങ്ങൾ അഭയം തേടുന്നു. ഞങ്ങൾക്കിപ്പോൾ ഏററവും ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹങ്ങൾ...കാരുണ്യവാനായ ദൈവത്തിൽ നിന്നും ലഭിച്ചു തന്ന് ഞങ്ങൾക്ക് സഹായവും സമാധാനവും നൽകണമെന്ന് ഈശോമിശിഹായുടെ നാമത്തിൽ അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്റെ അഗാധ ഭക്തനായിരുന്ന വി. അന്തോനീസേ, അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും നന്ദിയോടെ ഓർക്കുമെന്നും അങ്ങയോടുള്ള ഭക്തിവഴിയായി ദിവ്യകാരുണ്യ നാഥനായ ഈശോയെ കൂടുതൽ സ്നേഹിക്കുവാൻ പരിശ്രമിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. 1 സ്വർഗ്ഗ, 1 നന്മ, 1 ത്രി.

സമാപനഗാനം
ലോകപിതാവിൻ തിരുമുമ്പിൽ
എത്രയുമെളിയൊരു പ്രേഷിതനായ്
സുവിശേഷത്തിൻ സന്ദേശം
പതിതർക്കേകിയ പുണ്യാത്മാ

സ്നേഹവുമതുപോൽ ഉപവിയിലും
സ്വർഗ്ഗീയാഗ്നി തെളിച്ചവനെ
ഇരുളുനിറഞ്ഞോരു വീഥികളിൽ
കൈത്തിരികാട്ടി നയിക്കണമെ.

ഈശോതൻ പ്രിയ സിനേഹിതരായ്
നിർമ്മലജീവിത പാതകളിൽ
ഇടറാതെന്നും ജീവിക്കാൻ
മാദ്ധ്യസ്ഥം നീയരുളണമെ.

നഷ്ടപ്പെട്ടവ കണ്ടെത്താൻ
നന്മയും തിന്മയും കണ്ടെത്താൻ
ഉൾക്കണ്ണിൻ പ്രഭ ചൊരിയണമേ
ജീവിതവിജയം നൽകണമേ...